(ഡി) അനുമതി നൽകിയിട്ടില്ല.

(ഇ-ജെ) ചോദ്യം ഉദിക്കുന്നില്ല.

കനകക്കുന്ന് കൊട്ടാരവളപ്പിന് പിന്നിലുള്ള സർക്കാർ ഭൂമി

63 (2084) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരവളപ്പിന് പിന്നിലുള്ള ഒരേക്കറിലധികം വരുന്ന സർക്കാർ ഭൂമി കൃത്രിമ രേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൃത്രിമ രേഖകൾ ഉണ്ടാക്കുന്നതിന് സഹായിച്ച റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഭൂമി വീണ്ടെടുക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ ;

(ഡി) ഈ ഭൂമി സംബന്ധിച്ച് കോടതിയിൽ കേസ്സുണ്ടായിരുന്നുവോ ; ഉണ്ടെങ്കിൽ ഈ കേസ് സംബന്ധിച്ച കോടതിവിധി എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സർക്കാരിന്റെ 31-1-1994-ലെ ജി.ഒ. (ആർ.ടി.) 327/94/റവന്യൂ ഉത്തരവ് പ്രകാരം 30-6-1989-ൽ റിട്ടയർ ചെയ്ത ബന്ധപ്പെട്ട തഹസിൽദാർ ശ്രീ. വേലപ്പൻനായരുടെ പെൻഷൻ തുകയിൽ നിന്നും പിഴയായി പ്രതിമാസം 75 രൂപ ക്രമത്തിൽ ഈടാക്കി വരുന്നു.

(സി) അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതിനെതിരെ ഇഞ്ചക്ഷൻ ഉത്തരവോ മറ്റ് നിരോധന ഉത്തരവുകളോ നിലവിലില്ലാത്തതിനാൽ കൈയേറ്റം ഒഴിപ്പിക്കുന്നതിന് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഒ.എസ്. 2320/91 ആയി ശ്രീ.ജെ. ജോഷ്വാ ഒരു കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ കോടതിയിൽ നിന്നും 31-5-1996-ൽ സർക്കാരിന് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതായി കാണുന്നു. തുടർന്ന് ശ്രീമതി സാറാമ്മാ ജോഷ്വാ തിരുവനന്തപുരം സബ്കോടതിയിൽ എ.എസ്. 108/98 ആയി അപ്പീൽ സ്യൂട്ട് ഫയൽ ചെയ്തു. ശ്രീ. ജോർജ്ജ് ജോഷ്വാ ഒ.എസ്. 251/2000 ആയി തിരുവനന്തപുരം മുൻസിഫ് കോടിതിയിൽ സ്ഥിരമായ നിരോധന ഉത്തരവിനുവേണ്ടിയും ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രസ്താപിച്ചതുപോലെ ഒഴിപ്പിക്കലിനെതിരെ ഇപ്പോൾ നിരോധന ഉത്തരവുകളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly